**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **02-02-2026 - ൽ മറുപടിയ്ക്ക്**

**കായംകുളത്ത് തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിൽ നിർമ്മിക്കുന്ന തോപ്പിൽഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ; | (എ) | കേരളത്തിലെ കലാസാംസ്കാരിക മേഖലയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ തോപ്പിൽഭാസിയുടെ ഓർമ്മയ്ക്കായി ആലപ്പുഴ ജില്ലയിൽ കായംകുളം കൃഷ്ണപുരത്ത് സാംസ്കാരിക വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് വാസ്തുവിദ്യ ഗുരുകുലത്തിന് 50 ലക്ഷം രൂപ കൈമാറിയിരുന്നു.<br><br>26.03.2025 ലെ സ.ഉ.(സാധാ)നം.194/2025/ സാം.കാ.വ. ഉത്തരവ് പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ തോപ്പിൽഭാസി സ്മാരക നിർമ്മാണ പ്രവൃത്തിയുടെ പി.എം.സി. ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിന് കൈമാറിയ 41,23,077/- രൂപയിൽ പരിമിതപ്പെടുത്തി ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>രണ്ടാം ഘട്ട പ്രവൃത്തിക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്നും നിർമാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദീകരിക്കാമോ? | (ബി) | കേരളത്തിലെ കലാസാംസ്കാരിക മേഖലയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ തോപ്പിൽഭാസിയുടെ ഓർമ്മയ്ക്കായി ആലപ്പുഴ ജില്ലയിൽ കായംകുളം കൃഷ്ണപുരത്ത് സാംസ്കാരിക വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് വാസ്തുവിദ്യ ഗുരുകുലത്തിന് 50 ലക്ഷം രൂപ കൈമാറിയിരുന്നു.<br><br>26.03.2025 ലെ സ.ഉ.(സാധാ)നം.194/2025/ സാം.കാ.വ. ഉത്തരവ് പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ തോപ്പിൽഭാസി |

| | | | |
|---|---|---|---|
| | | | സ്മാരക നിർമ്മാണ പ്രവൃത്തിയുടെ പി.എം.സി. ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിന് കൈമാറിയ 41,23,077/- രൂപയിൽ പരിമിതപ്പെടുത്തി ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>രണ്ടാം ഘട്ട പ്രവൃത്തിക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ